ശ്രീ. എ. താണുപിള്ള: ഇതേപ്പറ്റി ഒരു തീരുമാനം എടുക്കുവാൻ ഇൗ ഗവൺമെൻറിനുള്ള അപ്രാപ്തികൊണ്ടാണോ അങ്ങനെ ആവശ്യപ്പെട്ടത്?

Mr. Speaker: That is a matter of inference.

ശ്രീ. എ. കെ. പാച്ചുപിള്ള: സപ്ലീസ് ഇൻറിഗ്രേഷൻ സംബന്ധിച്ച് തിരുവിതാംകൂറിലേയും കൊച്ചിയിലേയും ആളുകളിൽനിന്നും നിവേദനങ്ങൾ ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ധാരാളം കിട്ടിയിട്ടുണ്ട്. അതുകൊണ്ടാണ് ഇതേപ്പറ്റി ഇൻഡ്യാ ഗവൺമെൻറ തന്നെ പരിശോധിക്കണമെന്ന് വിചാരിച്ചത്.

ശ്രീ. എ. താണുപിള്ള: ഇതിൻെറ പ്രിൻസിപ്പിൾസ് പബ്ലിഷ് ചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: പബ്ലിഷ് ചെയ്തിട്ടില്ല.

ശ്രീ. എ. താണുപിള്ള: സഭയുടെ മുമ്പാകെ അത് വയ്ക്കുന്നതിനു വിഷമമുണ്ടോ?

ശ്രീ. സി. കേശവൻ: തടസ്സമൊന്നുമില്ല.

ശ്രീ. കെ. എ. മാത്യു: ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാരിൽ നിന്നും ഗവൺമെൻറിനു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറഞ്ഞല്ലോ. അവയെക്കൂടി പരിഗണിച്ചുകൊണ്ടാണോ ഗവൺമെൻറ് ഇതിനെപ്പറ്റി തീരുമാനം ചെയ്തിട്ടുള്ളത്?

ശ്രീ. സി. കേശവൻ: ഇതിൽ ഇൻഡ്യാഗവൺമെൻറ് തീരുമാനമൊന്നും ചെയ്തിട്ടില്ല. നമ്മുടെ ചില തീരുമാനങ്ങൾ അവരുടെ മുമ്പാകെ വച്ചു. അവർ അത് പരിശോധിച്ചു. ചില നിർദ്ദേശങ്ങൾ ചെയ്തു എന്നുമാത്രം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതു സംബന്ധിച്ച് പൊതുജനാഭിപ്രായം എന്താണെന്നു ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അഡ്മിനിസ്ട്രേറീവ് കാര്യങ്ങളിൽ പൊതുജനാഭിപ്രായം വേണമെന്നു പറയുന്നതു വളരെ വിഷമമാണ്.

Sri. D. Ganasigamoni: May I know what are the matters in respect of which the Government of India has given some directions?

ശ്രീ. സി. കേശവൻ: ഒന്നോ രണ്ടോ പോയിൻറുകളിൽ മാത്രമേ ഇൻഡ്യാ ഗവൺമെൻറ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളൂ.

പിന്നോക്കസമുദായോദ്ധാരണ എൻക്വയറി കമ്മറ്റി

* ൪. (൩) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പിന്നോക്കസമുദായോദ്ധാരണ എൻക്വയറി കമ്മറ്റി ഗവൺമെൻറിലേക്കു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(ബി) പ്രസ്തുത റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) പ്രസ്തുത കമ്മറ്റിയുടെ നിർദ്ദേശമനുസരിച്ച് ൧൯൫൧-൫൨ സാമ്പത്തിക വർഷത്തിൽ ഏതെല്ലാം ചെയ്തിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്. ഫൻ@ഫ–ൽ.

(ബി) വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറ് * മേശപ്പുറത്ത് വച്ചിരിക്കുന്നു.

(സി) കമ്മറിയുടെ റിപ്പോർട്ട് ഫൻ@ഠ–@ഫ സാമ്പത്തികവർഷം തികഞ്ഞതിനു ശേഷമെ കിട്ടീട്ടുള്ളൂ. അതുകൊണ്ട് ഫൻ@ഠ–@ഫ സാമ്പത്തിക വർഷത്തിൽ ഇതുസംബന്ധിച്ച് യാതൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: പിന്നോക്ക സമുദായോദ്ധാരണത്തിനായിട്ടല്ലേ ഫൻ@ഠ–@ഫ-ലെ ബഡ്ജറ്റിൽ പണം അനുവദിച്ചിട്ടുള്ളത്?

ശ്രീ. സി. കേശവൻ: അതേ. പക്ഷെ പ്രസ്തുത കമ്മറിറി റിപ്പോർട്ട് ലഭിക്കാഞ്ഞതിനാൽ ആ പണം ചിലവാക്കിയിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ കമ്മറിയുടെ റിപ്പോർട്ട് പരസ്യം ചെയ്യുവാൻ ഗവൺമെൻറിനു് ഭയമുണ്ടാകുമോ?

ശ്രീ. സി. കേശവൻ: അതിനു് തടസ്സമൊന്നുമില്ല.

പബ്ലിക്കു് സർവ്വീസു് നിയമനങ്ങൾ

*@ (൭) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി; താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

പബ്ലിക്കു് സർവ്വീസിലേക്കു് അപേക്ഷകൾ ക്ഷണിക്കപ്പെടുമ്പോൾ ഇൻഡ്യാഗവൺമെൻറ് ചെയ്യുവരുന്നതുപോലെ പട്ടികജാതിക്കാർക്കു് റിസർവ്വേഷൻ അനുവദിക്കാതിരിക്കുവാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): റിസർവേഷൻ അനുവദിക്കുന്ന സംഗതിയിൽ പട്ടികസമുദായക്കാർക്കും പിന്നോക്കസമുദായക്കാർക്കും സ്ഥാനങ്ങൾ സംവരണം ചെയ്യുന്നതിനും മറ്റുമായി ഒരു കമ്മറിയെ നിയമിച്ചിട്ടുണ്ടു്. ആ കാര്യം ആ കമ്മറിയുടെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ കമ്മറി ഏതാണു്?

ശ്രീ. സി. കേശവൻ: ഗവൺമെൻറ് അതിലേക്കു് ഒരു കമ്മറിയെ നിയമിച്ചിട്ടുണ്ടു്. ആ കമ്മറിയിലെ അംഗങ്ങളുടെ പേരുവിവരം അടുത്ത ചോദ്യത്തിലെ ഉത്തരമായി പറയുന്നതാണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അടുത്ത കാലത്തുണ്ടായ നിയമനങ്ങളിൽ പിന്നോക്കസമുദായക്കാരുടെ അവകാശങ്ങൾ അവഗണിക്കപ്പെട്ടിട്ടുണ്ടെന്നു് അറിയാമോ?

ശ്രീ. സി. കേശവൻ: ലവലേശവും അവഗണിക്കപ്പെട്ടിട്ടില്ലെന്നാണു് ഗവൺമെൻറിൻെറ അറിവു്.

ശ്രീ. കെ. രാമചന്ദ്രൻ: പിന്നോക്കസമുദായ പ്രാതിനിധ്യത്തിനും മറ്റുമായി ഇപ്പോൾ ഒരു കമ്മറിയെ നിയമിച്ചിട്ടുണ്ടെന്നു് പറഞ്ഞുവല്ലോ. ഇതിലേക്കു് മുമ്പേതന്നെ ഒരു കമ്മറി ഉണ്ടല്ലോ. വീണ്ടും ഒരു കമ്മറിയുടെ ആവശ്യം എന്താണു്?

ശ്രീ. സി. കേശവൻ: മുമ്പു് ഒരു കമ്മറിയെ നിയമിച്ചിരുന്നതു് ഫീസു് സൌജന്യത്തിനു് അർഹരായ പിന്നോക്ക സമുദായങ്ങൾ ഏതെല്ലാമാണെന്നു് നിശ്ചയിക്കാനാണു്. എന്നാൽ ഇപ്പോൾ നിയമിച്ചിരിക്കുന്ന കമ്മറി പബ്ലിക്കു് സർവ്വീസിലും മറ്റും ഉള്ള പ്രാതിനിധ്യവിഷയത്തിൽ പ്രത്യേകം പരിഗണന

* Please See Appendix I, page 43.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

*(Please see Answer to Question No. *4)*

List of Institutions to which continued payment of grants are recommended by the Committee

	Name of Institution	*Amount Rs.*	*Remarks*
1.	Harijan Sevak Sangh, Nagercoil	20	Monthly
2.	Reading Room and Library at Perumpazhuthur	20	,,
3.	City Scavengers' Union, Trivandrum	80	,,
4.	Village Cottage Industries, Gowreesapattom	60	,,
5.	Central Distress Relief Institute, Trivandrum	60	At Rs. 10 each to 6 students for their training in the institution.
6.	Gunadharma Orphanage, Pallikkal	60	Monthly
7.	Karthika Tirunal Reading Room, Pullad	20	,,
8.	Cottage Industries, Payippad	20	,,

List of new Institutions to which grants were recommended

1.	Library for the Depressed Class Federation, Shencottah	20	Monthly
2.	Library of the Thandar Mahasabha, Chengannoor	20	,,
3.	Library of the Kizhakkapulaya Seva Samithy, Kangazha	20	,,
4.	Library for the Harijan Sevak Sangh, Munnar	20	,,
5.	Pandit Karuppan Memorial Reading Room, Vaikom	20	,,
6.	Library for the Kadar Kendram, Chalakkudi	20	,,
7.	Parayar Mahasabha Reading Room, Erumeli	20	,,

List of Institutions to which grants have been recommended without specifying the amount of grants

	Name of Institution	*Amount of lump grant applied for Rs.*	*Purpose*
1.	Sri Chitra Vilasom Weaving School, Venganoor	1,500	For the reconstruction of school building.
2.	Araya Coir Industries Centre, Kollengode	500	In aid of the Coir making industry.
3.	Sri Chitra Mandiram, Pullad	500	For attending to the repairs of the building.
4.	Kudumbi Industrial Co-operative Society No. 718, Poyya		In aid of the coir making industry.

LIBRARY ARCHIVES Kerala Legislative Assembly